**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3724** **12-03-2025 - ൽ മറുപടിയ്ക്ക്**

**ദേശീയ സിവിൽ സർവീസ് മത്സരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ സിവിൽ സർവീസ് മത്സരങ്ങൾക്കായി പരിശീലകൻ, മാനേജർ എന്നിവരെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് നിലവിൽ സർക്കാർ ഉത്തരവുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഓരോ വർഷവും ദേശീയ സിവിൽ സർവ്വീസ് ടൂർണ്ണമെന്റിൽ അതാത് മത്സര ഇനങ്ങളിലേക്ക് പരിശീലകരെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖാന്തിരവും യോഗ്യരായ സർക്കാർ ജീവനക്കാരെ മാനേജർ-മാരായി സെക്രട്ടറിയേറ്റ് സ്പോർട്സ് അസോസിയേഷനും നാമനിർദ്ദേശം ചെയ്യുന്നു. ഓരോ മത്സര ഇനത്തിനും വെവ്വേറെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. എന്നാൽ Central Civil Services Cultural & Sports Board-ന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ടീം പരിശീലകരേയും മാനേജർമാരേയും തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ഉത്തരവുകളൊന്നും നിലവിലില്ല. |
| (ബി) | 2022-23, 2023-24, 2024-25 വർഷങ്ങളിൽ അന്തർദേശീയ സിവിൽ സർവീസ് മത്സരങ്ങളിൽ വിവിധ കായിക ഇനങ്ങളിലായി കേരളത്തെ പ്രതിനിധീകരിച്ചു പോയ ഉദ്യോഗസ്ഥരുടെ പേരുവിവരം ലഭ്യമാക്കാമോ; | (ബി) | അന്തർദേശീയ തലത്തിൽ സിവിൽ സർവീസ് മത്സരങ്ങൾ സംഘടിപ്പിക്കാറില്ലാത്തതിനാൽ 2022-23, 2023-24, 2024-25 വർഷങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥരാരും പങ്കെടുത്തിട്ടില്ല. |
| (സി) | നിലവിലെ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഒരു ഉദ്യോഗസ്ഥന് എത്ര തവണ കേരളത്തെ പ്രതിനിധീകരിച്ച് അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കാനാവുമെന്ന് വ്യക്തമാക്കാമോ; | (സി) | അന്തർദേശീയ തലത്തിൽ സിവിൽ സർവീസ് മത്സരങ്ങൾ സംഘടിപ്പിക്കാറില്ലാത്തതിനാൽ 2022-23, 2023-24, 2024-25 വർഷങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് ഉദ്യോഗസ്ഥരാരും പങ്കെടുത്തിട്ടില്ല. |
| (ഡി) | നിർദ്ദിഷ്ട യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥർ കേരള ടീമിന്റെ മാനേജരായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിശോധിക്കുവാൻ സംവിധാനം എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ